# മാലിന്യ സംസ്കാരം

നൗഷാദ് കായംകുളം, ദോഹ-ഖത്തർ

**360 ഡിഗ്രിയിൽ** തലതിരിച്ച്
ആരുമില്ലെന്നുറപ്പ് വരുത്തി
സമ്മാനപ്പൊതി വലിച്ചെറിഞ്ഞു
അയലത്തെ തൊടിയിലേക്ക്
അങ്ങനെ ഒരു ഔദാര്യവും
സ്വീകരിക്കില്ലെന്ന് അയൽക്കാരൻ
കുറച്ചുകൂടി കനത്ത പൊതി
തിരിച്ചെറിഞ്ഞ്
ന്യൂട്ടന്റെ മൂന്നാം നിയമം
തിരുത്തിയെഴുതി. ■



# മരണപത്രം!

എൻ.എൻ അബ്ദുൽ ഗഫൂർ

പത്രങ്ങൾ കാണുമ്പോൾ തോന്നുന്നു
മരിച്ചുകിട്ടിയാൽ എത്ര നന്നെന്ന്!
എന്തു ഗമയാ,
ആദ്യതാളിൽ
ആറുകോളത്തിൽ
പത്തുപന്ത്രണ്ടു സെന്റിമീറ്ററിൽ
സൂര്യതേജസ്സോടെ
വിനീതമായ മുഖലാവണ്യം!
കനത്ത തലക്കെട്ടിനു കീഴിൽ
വിശദമായ സ്തുതി!
എഡിറ്റുപേജിൽ
പ്രശസ്തനെഴുതുന്ന ഓർമക്കുറിപ്പ്
അതിനുതാഴെ
അതിപ്രശസ്തരല്ലാത്തവരുടെ
ചെറുകുറിപ്പുകൾ!
നാലും ആറും പേജുകളിൽ
പ്രാദേശിക ലേഖകന്റെ ചെറുതൊങ്ങൽ!
അവസാനപേജിൽ
ആഴ്ചപ്പതിപ്പിൽ വരാനിരിക്കുന്ന
തന്നെക്കുറിച്ച ലേഖനങ്ങളുടെ പരസ്യം!
അതിനുതാഴെ
പ്രശസ്തപ്രസാധകർ സമാഹരിക്കുന്ന
തന്റെ സമ്പൂർണകൃതിയുടെ പരസ്യം!
മരിക്കുന്നെങ്കിൽ
കാലത്തുതന്നെ മരിക്കണം
എല്ലാ കറകളും കലകളും നീക്കി
വെട്ടിയും തിരുത്തിയും വെടിപ്പാക്കിയ
ലേഖനം നെയ്തുണ്ടാക്കാൻ
പത്രക്കാരന് സാവകാശം കിട്ടണം!
അതുസാധിച്ചാൽ
സ്വർഗം ഉറപ്പ്!
ദൈവം പോലും സംശയിക്കില്ല
പത്രം വായിച്ച നന്മയുടെ മാലാഖമാർ
സ്വർണനൂലിൽ നെയ്ത ആട്ടുകട്ടിലിൽ കിടത്തി
പ്രതിക്കൂട്ടിൽപോലും നിർത്താതെ
നേരെ സ്വർഗത്തിലേക്ക്! ■